കുറ്റാന്വേഷണ നോവലുകൾ എല്ലാകാലത്തും ഏറെ വായനക്കാരെ ആകർഷിക്കുന്ന മേഖലയാണ്. യുക്തിചിന്തയും ബുദ്ധിയും കൃത്യമായ ചേരുവയിൽ സാഹിത്യരൂപം പ്രാപിക്കുമ്പോഴാണ് വായനക്കാർക്ക് ഒറ്റയിരുപ്പിൽ വായിച്ച് തീർക്കാവുന്ന ത്രില്ലർ രചനകൾ ഉണ്ടാകുന്നത്. സമ്പന്നമായ കുറ്റാന്വേഷണ സാഹിത്യരംഗത്ത് ഈടുറ്റ രണ്ട് കൃതികൾ സമ്മാനിച്ച ഒരു യുവ ബാങ്കറെയാണ് ഈ ആഴ്ച പരിചയപ്പെടുത്തുന്നത്.

അരുൺ എ.കെ
യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, കോഴിക്കോട് റീജിയണൽ ഓഫീസ്

കോഴിക്കോട് ജില്ലയിൽ കുന്നമംഗലത്ത് അധ്യാപകദമ്പതികളുടെ മകനായി 1991 മേയ് 10 ന് ജനിച്ചു. പിതാവ് അശോകൻ ഇംഗ്ലീഷ് അധ്യാപകനായിരുന്നു പിന്നീട് ഹെഡ് മാസ്റ്ററായി, അമ്മ മിനിക്കുട്ടി യുപി സ്കൂൾ അധ്യാപിക. ഇരുവരും വിരമിച്ച ശേഷം ഇപ്പോൾ വിശ്രമജീവിതം നയിക്കുന്നു. അഞ്ചാം ക്ലാസ് വരെ അരുണിന്റെ പഠനം അമ്മ പഠിപ്പിച്ച കുന്നമംഗലം എയുപി സ്കൂളിൽ, പിന്നീട് ശ്രീനാരായണ വിദ്യാലയം, വേദവ്യാസ എന്നിവടങ്ങളിലായി. കോളെജ് വിദ്യാഭ്യാസത്തിനായി എഞ്ചിനീയറിംഗ് ആണ് തിരഞ്ഞെടുത്തത്, എസ് എൻ എം ഐ എം ടി യിൽ നിന്ന് ബി.ടെക് മെക്കാനിക്കൽ എഞ്ചി: ബിരുദം നേടി. വിദ്യാഭ്യാസാനന്തരം ഒരു കോൺട്രാക്ടിംഗ് സ്ഥാപനത്തിനു കീഴിൽ ഒരു വർഷത്തോളം ജോലി ചെയ്ത ശേഷം കൊല്ലത്തെ ബാങ്ക് ജോലി പരിശീലന കേന്ദ്രത്തിലേക്ക്. വളരെ പെട്ടെന്ന് തന്നെ ഓഫീസറായി കാത്തലിക് സിറിയൻ ബാങ്കിൽ ജോലി കിട്ടി. അങ്ങനെ 2014 ൽ തമിഴ് നാട്ടിലെ വാണിയമ്പാടിയിൽ ആദ്യ പോസ്റ്റിംഗ്. നേരത്തെ തന്നെ ചെന്നൈയിലും മറ്റും ജോലി ചെയ്തതിനാൽ തമിഴ് ഭാഷ പെട്ടെന്ന് സ്വായത്തമാക്കി.

വീട്ടിലേക്ക് വരാനാകാത്ത വാരാന്ത്യ അവധിദിനങ്ങളിൽ അത്രയധികം പ്രസിദ്ധമാകാത്ത ഉൾനാടൻ ദേശങ്ങളിലേക്ക് കൂട്ടുകാരുമൊത്ത് ബൈക്ക് യാത്ര. ഒരു കാര്യം പറയാൻ വിട്ട് പോയി, കുട്ടിക്കാലത്ത് ഒരിക്കൽ ബാലഭൂമിയിലേക്ക് കഥാമത്സരത്തിൽ രചന അയച്ച് കൊടുത്തിരുന്നു, അന്ന് പ്രോത്സാഹന സമ്മാനം നേടി കിട്ടിയ കാൽക്കുലേറ്റർ വാങ്ങാൻ അച്ഛന്റെ വിരലിൽ തൂങ്ങി സാഹിത്യ-സാംസ്കാരിക ചരിത്രമുറങ്ങുന്ന മാതൃഭൂമി യുടെ സ്ഥാപക ഓഫീസിൽ എത്തുമ്പോൾ ഒരു പക്ഷെ കുട്ടി അരുണിന്റെ സ്വപ്നത്തിൽ പോലും ഗ്രന്ഥകാരനാകും എന്ന് ഉണ്ടായിരുന്നില്ല എന്ന് ഇപ്പോൾ സമ്മതിയ്ക്കാൻ അരുണിന് മടിയുമില്ല. അന്ന് പ്രോത്സാഹന സമ്മാനം കിട്ടിയെങ്കിലും രചന അച്ചടിച്ച് വന്നില്ല, അതിന്റെ വിഷമം തീർത്തത് ആദ്യബാങ്കിലെ ഇൻഹൗസ് മാസികയിൽ യാത്രാവിവരണം എഴുതിയാണ്. ഒരു പക്ഷെ അച്ചടിച്ച് കാണുന്ന ആദ്യരചന. ഇത് ചെറുതല്ലാത്ത ആത്മവിശ്വാസം ഉണ്ടാക്കി എന്ന് അരുണിന്റെ സംസാരത്തിനിടയിൽ നിന്ന് വായിച്ചെടുക്കാം.

അപ്പോഴാണ് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ക്രെഡിറ്റ് സ്പെഷ്യലിസ്റ്റ്

ഓഫീസർമാരെ വിളിക്കുന്ന പരസ്യം കണ്ട് അപേക്ഷിക്കുന്നതും, കോഴിക്കോട് റീജിയണൽ ഓഫീസിലെ വ്യവസായ വായ്പാ കേന്ദ്രമായ സരൾ ലൈറ്റിൽ മാനേജരായി ചേരുന്നതും. നാട്ടിൽ തന്നെ ജോലി കിട്ടിയ സന്തോഷം, ഈ വർഷം തന്നെയാണ് അരുണിന്റെ ജീവിതത്തിലേക്ക് ഡോ.അഞ്ജന കടന്ന് വരുന്നതും. എം ഡി അനസ്തേഷ്യ ക്കാരിയായ പ്രിയതമയ്ക്ക് ഒപ്പവും അരുൺ യാത്രകൾ തുടർന്നു. ഈ വർഷം ജൂലൈ യിൽ ഇവർക്കിടയിലേക്ക് കൂടുതൽ സന്തോഷവുമായി കുഞ്ഞും -വൃന്ദ കൃഷ്ണ- പിറന്നു.

2021 വർഷം അരുണിന്റെ ജീവിതത്തിലെ മറക്കാനാവാത്ത വർഷമാകും അത് തീർച്ച. കുഞ്ഞു പിറന്ന വർഷം എന്നത് കൊണ്ട് മാത്രമല്ല, ഈ കാലത്ത് തന്നെയാണ് അനുവാചകവൃന്ദം ഹൃദയം കൊണ്ട് ഏറ്റ് വാങ്ങിയ രണ്ട് കൃതികൾ പ്രസിദ്ധീകരിച്ചതും. 'ആ കണ്ണുകൾ' എന്ന ക്രൈം നോവൽ ആണ് ആദ്യം അച്ചടി മഷി പുരണ്ടത്, പിന്നാലെ 'ട്രഷർ ഹണ്ട്' എന്ന കൃതിയും. രണ്ടാമത്തെ പുസ്തക പ്രകാശനം നിർവഹിച്ച് കൊണ്ട് ബെന്യാമിൻ പറഞ്ഞത് "കുറ്റാന്വേഷണ നോവലുകൾക്ക് അവശ്യം വേണ്ട ഘടകങ്ങളായ രസച്ചരട് വിടാതെ കഥ പറയുക, നിഗൂഢത സൂക്ഷിക്കുക, അന്വേഷണാത്മകമായ ബുദ്ധി പ്രയോഗിക്കുക, കുറ്റവാളിയെ അവസാനം വരെ ഒളിപ്പിച്ച് വയ്ക്കുക എന്നിവയെല്ലാം ഈ കൃതിയിൽ സന്നിവേശിപ്പിക്കുവാൻ അരുണിന് കഴിഞ്ഞിട്ടുണ്ട്". എഴുത്തിന്റെ വഴികളിൽ ഇരുത്തം വന്ന ബെന്യാമിനെ പോലെ പോലെ ഒരു എഴുത്തുകാരൻ പറയുന്നത് അത്രമേൽ സന്തോഷത്തോടെയാണ് അരുണെന്ന നവാഗതൻ കാണുന്നതെന്ന് സംസാരിക്കുമ്പോൾ വ്യക്തമാകും.

അരുണിന്റെ എഴുത്തിൽ താൻ നടന്ന് വന്ന വഴികൾ, തൊഴിൽ പരിസരം ഒക്കെ കടന്ന് വരുന്നുണ്ട്. ഇടക്കാലത്ത് പിടിപെട്ട കുറ്റാന്വേഷണ സിനിമാകാണൽ വളരെയധികം സ്വാധീനിച്ചു എന്ന് ഓർമ്മിച്ചെടുക്കുന്നു. മലയാളം, തമിഴ്, ഇംഗ്ലീഷ്, കൊറിയൻ സിനിമകൾ അനവധി കണ്ടു. എഴുത്തിന്റെ കാര്യത്തിലും പ്രത്യേകതയുണ്ട്, കടലാസിൽ എഴുതിയിട്ടേയില്ല, മറിച്ച് മൊബൈൽ ഫോൺ ആയിരുന്നു എഴുത്ത് തലം. ഡോ.അഞ്ജന ആദ്യവായനക്കാരി, അച്ഛനുമമ്മയും തെറ്റുതിരുത്തുന്നതിൽ ഒരു പാട് സഹായിച്ചു എന്ന് അരുൺ അഭിമാനത്തോടെ പറയുന്നു.

കുറച്ചൊക്കെ ഉൾവലിഞ്ഞ് നിൽക്കുന്ന പ്രകൃതക്കാരനായ ഈ എഴുത്തുകാരന്, ഒരു പരിചയവുമില്ലാത്ത വായനക്കാരിൽ നിന്ന് ലഭിച്ച അഭിപ്രായങ്ങൾ, ഫോൺ വിളികൾ ഒക്കെ സന്തോഷ നിമിഷങ്ങൾ എന്നതിലുപരിയായി, എഴുത്ത് തന്റെ ബാങ്ക് തൊഴിലിനൊപ്പമുള്ള വഴി കൂടി ആണെന്ന് ഉറപ്പിക്കാനാകുന്ന തരത്തിലേക്ക് മാറിക്കഴിഞ്ഞു എന്നതാണ് രണ്ട് പുസ്തകം കൊടുത്ത ശക്തിയും ആത്മവിശ്വാസവും. വളർന്ന് വരുന്ന കുറച്ച് എഴുത്തുകാരെ ഈ ചുരുങ്ങിയ കാലം കൊണ്ട്

പരിചയവലയത്തിലാക്കാനും പുസ്തകം നൽകിയ എക്സ്പോഷർ സഹായിച്ചു.

എന്തൊക്കെയാണു സ്വപ്നങ്ങൾ, ഭാവി പദ്ധതികൾ എന്ന് ചോദിക്കാതെ ടാലന്റ് ബാങ്കേഴ്സിന്റെ പരിചയപ്പെടുത്തൽ അവസാനിപ്പിക്കുവതെങ്ങനെ ! "സമയം കിട്ടുമ്പോൾ എഴുതണം, നമ്മുടെതായ ഒരു സ്പേസ് ഉണ്ടാകണം, സിനിമ ആകുമെങ്കിൽ അത് വലിയ സന്തോഷം" ചുരുങ്ങിയ വാക്കുകളിൽ അരുൺ ഭാവിയെ ഒതുക്കി.

ഇപ്പോൾ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ കോഴിക്കോട് റീജിയണൽ ഓഫീസിൽ ക്രെഡിറ്റ് വിഭാഗത്തിൽ മാനേജരാണ് അരുൺ എ.കെ.

അരുണിന്റെ ജീവിതാകാശം വിജയതാരകങ്ങൾ നിറഞ്ഞതാകട്ടെ എന്നാശംസിക്കുന്നു. മലയാളത്തിലെ ഓർമ്മിക്കപ്പെടുന്ന ത്രില്ലറുകൾ സംഭാവന ചെയ്യാനുമാകട്ടെ.

---------------------------------------------------------------------------------------------

തയ്യാറാക്കിയത് : ആദർശ് വി കെ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, Saral Lite (MSME Hub) Head, Kozhikode

English version: Arya Gayathry , State Bank of India, Pallickal Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്

---------------------------------------------------------------------------------------------

Detective novels have always attracted the attention of readers. A gripping thriller is created when the right mix of logical thinking and brilliance combine in a book. We introduce before you, a young banker who has brought forth two excellent detective novels.

Arun A K
Union Bank of India
Kozhikode Regional Office

He was born in Kunnamangalam, Kozhikode on 10th of May, 1991 to a teacher-couple. His father Asokan was an English teacher and later became a head master, and his mother Minikutty was a U.P School teacher. They are both retired now. He did his schooling till grade 5 from Kunnamangalam U.P School where his mother taught, and then from Sree Narayana Vidyalaya and Vedavyasa. After that he did his BTech in mechanical engineering from SNMIMT.

On completion of BTech, he joined a contracting firm for a year after which he joined a bank coaching class in Kollam. And he quickly got selected as an officer in the Catholic Syrian Bank. And in 2014 he joined its branch at Vaniyambadi, Tamil Nadu. As he had already worked in Chennai, he didn’t have difficulty with the language.

He spent the weekends he couldn't visit home, travelling with his friends to not-so-popular village areas. In his childhood he once got a calculator as consolation prize for story writing in Balabhoomi magazine. The little kid who stood hanging by his father's finger, receiving the prize at the Mathrubhoomi office would never have imagined growing up to be a writer! His disappointment in not finding his story in print paved way to his travelogue being published in the in-house magazine of his bank. This definitely has immensely boosted his confidence in his words.

It was then that he applied for the post of credit specialist officers in the Union Bank of India and joined its Kozhikode Regional Office as Manager, Saral Lite. His happiness in reaching his own homeland was heightened with his marriage the same year to Dr. Anjana, an MD in Anesthesia. Arun continued his travels with his soulmate as well. This July has brought a precious gift to the lovely couple in the form of Vrinda Krishna, their baby.

2021 would remain a memorable one for Arun as it is the year both his books – 'Aa Kannukal' and 'Treasure hunt' - got published. At the time of book release of 'Treasure hunt', Benyamin said; "Arun has been able to incorporate the essentials of a detective novel – a continuous sense of thrill, mystery, investigative thought process, and an ability to not give a clue to the real culprit- in the novel." To receive such words of appreciation from such an experienced writer like Benyamin is like 'amrit' to Arun's ears..

The whereabouts of his daily life and working environments come up in his writings. He has also been influenced by various detective movies in Malayalam, Tamil, English and Korean. Another fascinating matter is that he hasn't used a paper to write his story. It was completely written in his mobile phone. Dr. Anjana was his first reader. His parents too helped a lot to make corrections, says a proud son.

The two books have imparted immense confidence to this introvert banker, who was appreciated and applauded for his works by even complete strangers who have read them. With the exposure gained through his books, he is already friends with many upcoming writers.

And we ask, "What are your dreams, your goals?" In his usual short words he says.. "I should write as time permits, should make a space of my own, I would be overjoyed if my work turns out to be made a movie."

He is presently the Manager Credit at the Union Bank of India Kozhikode Regional office.

We wish him a star studded future and may he write many more stories that would be remembered for ages.